# രാഗങ്ങളെ അടുത്തറിയാൻ വിദ്യയുടെ പുസ്തകം

**ചെന്നൈ ▸** രാഗങ്ങളെ അടുത്തറിയാനുള്ള 'മേളകർത്താസ് ദി ജംസ് ഓഫ് കർണാട്ടിക് മ്യൂസിക്' എന്ന ഗ്രന്ഥവുമായി മലയാളിയായ വിദ്യാഭവാനി സുരേഷ്. വിദ്യയുടെയും ഭർത്താവ് സുരേഷിന്റെയും പ്രസാധന സംരംഭമായ സ്കന്ദ പബ്ലിക്കേഷൻസിന്റെ 43-ാമത് പുസ്തകമാണിത്. ഇവരുടെ മകളും നർത്തകിയുമായ ഹർഷിതയാണ് പുസ്തകം എഡിറ്റുചെയ്തത്.



വിദ്യ ഭവാനി സുരേഷ്

ക്ലാസിക്കൽ നൃത്തരൂപങ്ങൾ, സംഗീതം എന്നിവയെക്കുറിച്ചാണ് പാലക്കാട് കല്പാത്തി സ്വദേശിയായ വിദ്യ പുസ്തകങ്ങൾ പുറത്തിറക്കാറുള്ളത്. ഭർത്താവ് സുരേഷ് പെരിന്തൽമണ്ണ സ്വദേശിയാണ്. 'അപ്രിഷിയേറ്റിങ് ഭരതനാട്യ'യാണ് വിദ്യയുടെ ആദ്യരചന.

ഇതിന് വായനക്കാരിൽനിന്ന് ലഭിച്ച മികച്ച പ്രതികരണത്തെത്തുടർന്നാണ് പിന്നീട് തുടർച്ചയായി പുസ്തകങ്ങൾ രചിച്ചത്. കർണാടകസംഗീതംമുതൽ ചാക്യാർകൂത്തുവരെയുള്ള കലാരൂപങ്ങൾ വിദ്യയുടെ തൂലികയ്ക്കു വിഷയമായിട്ടുണ്ട്.